കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി8-857/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി, 05.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-5 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-4 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി8-857/2017 തീയതി, 05.07.2017

# ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.11.2016 മുതൽ 31.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെപേരും,ഉദ്യോഗപ്പേരും | ജി.ഹരികുമാർ<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും<br>തസ്തിക വിവരവും |
|---|---|
| 21.06.2017മുതൽ 30.06.2017 വരെ | ശ്രീ.വിജയകുമാർ.എൻ,ഓഡിറ്റ്ഓഫീസർ<br>ശ്രീമതി. രാജശ്രീ.വി, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രവീൺ ഷേണായി, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഫമിൻ.എസ്.എം, സീനിയർഗ്രേഡ് |

| | |
|---|---|
| | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. അഫ്സത്ത് | 01.04.2016മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. കെ കൃഷ്ണൻ കുട്ടി | 01.04.2016മുതൽ25.05.2016വരെ |
| 2 | ശ്രീ. പി.ജി.പ്രകാശ് | 25.05.2016 മുതൽ1.07.2016വരെ |
| 3 | ശ്രീ.ഇംതിയാസ് മുഹമ്മദ് | 2.07.2016 മുതൽ27.08.2016വരെ |
| 4 | ശ്രീ.വി.എം.സജി(അധികച്ചുമതല) | 27.08.2016മുതൽ26.09.2016വരെ |
| 5 | ശ്രീമതി.സി.എ.ജയശ്രീ | 27.09.2016മുതൽ31.03.2017വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.യു.രാജുമോൻ | 01.04.2016മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ജി. രാധ | 01.04.2016മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.സി.പ്രദീപ് | 01.04.2016മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീമതി.ഷീജ നൗഷാദ് | 01.04.2016മുതൽ 31.03.2017 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.സുധീർ. എൻ<br>ശ്രീ. അജിത്കുമാർ | 01.04.2016മുതൽ 08.12.2016 വരെ<br>09.12.2016മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ലിറ്റി.എം.ചെറിയാൻ<br>ഡോ.ബിജു.എസ് | 01.04.2016മുതൽ 05.10.2016വരെ<br>06.10.2016മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് | ശ്രീമതി.വിജയമ്മ. സി | 01.04.2016മുതൽ 30.05.2016 വരെ |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | ശ്രീമതി.തനൂജ.കെ | 01.06.2016മുതൽ 31.01.2017 വരെ |
| 5 | വി.ഇ.ഒ. I<br>വി.ഇ.ഒ. II | ശ്രീ.അജയഘോഷ്.വി.എ<br>ശ്രീ. രാധാകൃഷ്ണൻ | 01.04.2016മുതൽ 31.03.2017 വരെ<br>01.04.2016മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഷിബു.എസ് | 01.04.2016മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മഞ്ജുപുരുഷോത്തമൻ<br>ഡോ. ഉമാദേവി. വി.എൻ | 01.04.2016മുതൽ 20.01.2017 വരെ<br>21.01.2017മുതൽ 31.03.2017 വരെ |
| 8 | ഹെഡ്മാസ്റ്റർ | ശ്രീ.ഇ.വി.ബൈജു | 01.04.2016മുതൽ 31.03.2017 വരെ |
| 9 | അസിസ്റ്റന്റ്എൻജിനീയർ | ശ്രീമതി. യാമിനി ദാസ് | 01.04.2016മുതൽ 31.03.2017 വരെ |
| 10 | അസിസ്റ്റന്റ്സെക്രട്ടറി | ശ്രീ. വി.എം. സജി | 01.04.2016മുതൽ 31.03.2017 വരെ |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. എസ്. ഗീത<br>ശ്രീ. ബിനുമോൻ.എം | 01.04.2016മുതൽ 06.09.2016 വരെ<br>07.09.2016മുതൽ 31.03.2017 വരെ |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.എം.വിശ്വനാഥ പിള്ള | 01.04.2016മുതൽ 31.05.2016 വരെ |
| | | ശ്രീമതി.അഞ്ജലിദേവി.എ | 01.06.2016മുതൽ 30.07.2016 വരെ |
| | | ശ്രീമതി. ബിന്ദു.കെ.ഒ | 31.07.2016മുതൽ 05.09.2016 വരെ |
| | | ശ്രീ. അശോകൻ.കെ | 06.09.2016മുതൽ 03.01.2017 വരെ |
| | | ശ്രീമതി. ലൂസി.എ.ഐ | 04.01.2017മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1to1-11 |
| | ഭാഗം 2 | |
| 2 | വസ്തുനികുതി ഒടുക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം | 2-1 |
| 3 | അൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ - തൊഴിൽ നികുതിയിൽ കുറവ് | 2-2 |
| 4 | ലൈസൻസില്ലാതെയും തൊഴിൽ നികുതി അടക്കാതെയും വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| 5 | നികുതി പിരിവ്, ഒടുക്ക് എന്നിവയുടെ മേൽനോട്ടം ഫലപ്രദമല്ല | 2-4 |
| 6 | വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന മുറികൾക്ക് വാടക ഈടാക്കുന്നില്ല | 2-5 |
| 7 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 2-6 |
| 8 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ട് നിഷ്ക്രിയമായി തുടരുന്നു. | 2-7 |
| | ഭാഗം 3 | |
| 9 | ജൈവ പച്ചക്കറി വികസന പദ്ധതി - നടത്തിപ്പിൽ അപാകം, പഞ്ചായത്തിന് നഷ്ടം സംഭവിച്ചു | 3-1 |
| 10 | ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം - അംഗീകരിച്ച ക്വട്ടേഷൻ നിരക്കിലധികം തുക നൽകി, ഉപകരണങ്ങൾ നാളിതുവരെ വിതരണം ചെയ്തില്ല | 3-2 |
| 11 | ഓഫീസ് നവീകരണം - കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല – തുക അധികം നൽകി | 3-3 |
| 12 | പാലിയേറ്റീവ് കെയർ - വൗച്ചറിൽ കൃത്രിമം - ചെലവ് അംഗീകരിക്കുന്നില്ല | 3-4 |
| 13 | സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി - കെൽട്രോണിന് മുഴുവൻ തുകയും നൽകി, പാനൽ സ്ഥാപിച്ചില്ല | 3-5 |

| | | |
|---|---|---|
| 14 | എസ്.എസ്.എ. വിഹിതം ഒടുക്കൽ - തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ വിവരം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല | 3-6 |
| 15 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ സപ്ലൈ - കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല | 3-7 |
| 16 | ഇലക്ട്രിക് വർക്കുകളിൽ മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല | 3-8 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചെലവ് രേഖകൾ തടസ്സപ്പെടുത്തുന്നു | 3-9 |
| 18 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങൽ - ഉപകരണങ്ങൾ വിതരണം ചെയ്തില്ല | 3-10 |
| 19 | മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ് വാങ്ങൽ - വല കൈപ്പറ്റിയതിന്റെ രേഖകളില്ല | 3-11 |
| 20 | കറുകയിൽ മുതൽ കിളിന്തറ വരെ റോഡ് ഗ്രാവലിംഗ് - കൺവേയൻസ് ഇനത്തിൽ കൺവീനർക്ക് അധിക തുക നൽകി | 3-12 |
| 21 | കന്നുകുട്ടി പരിപാലനം (വനിത) പദ്ധതി - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-13 |
| 22 | എ.ബി.സി. പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-14 |
| 23 | മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല – ചെലവ് നിരാകരിക്കുന്നു | 3-15 |
| 24 | ഫാർമസിസ്റ്റിന്റെ വേതനം - വികസന ഫണ്ട് ചെലവഴിച്ചത് ചട്ടവിരുദ്ധം | 3-16 |
| 25 | ഖരമാലിന്യ സംസ്കരണം - മാലിന്യ ശേഖരണവും സംസ്കരണവും പൂർണ്ണമല്ല | 3-17 |
| 26 | പ്രിന്റിംഗ് - മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല | 3-18 |
| 27 | തൊഴിൽ രഹിത വേതനം പ്രായപരിധി | 3-19 |

| | | |
|---|---|---|
| | കഴിഞ്ഞിട്ടും അനുവദിച്ചു | |
| 28 | ഒറിജിനൽ രസീത്, സാക്ഷ്യപത്രം എന്നിവയില്ലാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകി | 3-20 |
| 29 | വായനശാലകൾക്ക് പുസ്തകം വാങ്ങൽ - പുസ്തകങ്ങൾ 3 മാസമായി കെട്ടഴിക്കാതെ പഞ്ചായത്ത് ഓഫീസിൽ | 3-21 |
| 30 | പ്രൊക്യർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 3-22 |
| 31 | വാട്ടർ കണക്ഷൻ ലഭിച്ചില്ല, തുക തടസ്സപ്പെടുത്തുന്നു | 3-23 |
| 32 | തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകകൾ ക്രമീകരിച്ചിട്ടില്ല | 3-24 |
| 33 | ഇ.എം.എസ്. ഭവനപദ്ധതി - നിർമ്മാണം പൂർത്തിയാകാതെ 8 വീടുകൾ ശേഷിക്കുന്നു. | 3-25 |
| 34 | ഗവ.സ്കൂളിന്റെ ടെലഫോൺ, വൈദ്യുത ചാർജ്ജുകൾ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു | 3-26 |
| 35 | വെള്ളക്കരം കുടിശ്ശിക – പ്രവർത്തന രഹിതമായ ടാപ്പുകൾക്കും തുക ഒടുക്കുന്നു | 3-27 |
| 36 | വഴിവിളക്കിന്റെ കറന്റ് ചാർജ്ജ് - കുറയ്ക്കുവാൻ നടപടി സ്വീകരിക്കുന്നില്ല | 3-28 |
| | ഭാഗം 4 | |
| 37 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to<br>4-10 |
| 38 | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.2.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 233600000 | 231438000 |
| വാർഷിക കണക്ക് പ്രകാരം | 56552650 | 54747091 |

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 31.05.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ് ) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11100269 |
| വരവ് | 56552650 |
| ആകെ | 67652919 |
| ചെലവ് | 54747091 |
| നീക്കിയിരിപ്പ് | 12905828 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13827641 | 12907568 | 93.35% |
| വികസനഫണ്ട് എസ്.സി.പി. | 2515536 | 2486536 | 98.85% |
| വികസനഫണ്ട് ടി.എസ്.പി. | 87405 | 87405 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 3241893 | 1356868 | 41.85% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3734124 | 3104124 | 83.13% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7754363 | 7021430 | 90.55% |
| ലോക ബാങ്ക് സഹായം | 4109165 | 2951540 | 71.83 |

| | | | |
|---|---|---|---|
| ബി ഫണ്ട് | 35219035 | 35219035 | 100 |
| എംഎൻ.ആർ.ഇ.ജി.എസ് | 58034419 (മുന്നിരിപ്പ് ഇല്ല) | 57996132 | 99.93 (നീക്കിയിരുപ്പ് 38287/- രൂപ) |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 150 | 47812865 | 102 | 33779709 | 42 | 6 | 68% |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26.50%ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6997315 | 8950837 | 1953522 | 27.91 |
| നികുതിയേതര വരവുകൾ | 809916 | 957142 | 147226 | 18.18 |
| മറ്റ് വരവുകൾ | 320805 | 375623 | 54818 | 17.00 |
| ആകെ | 8128036 | 10283602 | 2155566 | 26.5 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 811080 | 525 |
| കർഷകതൊഴിലാളി പെൻഷൻ | 7312730 | 756 |
| വിധവാപെൻഷൻ | 8625670 | 916 |
| വാർദ്ധക്യകാലപെൻഷൻ | 14806695 | 1390 |
| വികലാംഗപെൻഷൻ | 2966210 | 340 |
| വിവാഹധനസഹായം | 420000 | 14 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള | 276650 | 27 |

| | | |
|---|---|---|
| പെൻഷൻ | | |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19135/-രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു.

പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല).

തൊഴിൽ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കാതെ വരുന്നു.

ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല. തന്മൂലം തുകയുടെ ഒടുക്കിൽ പലപ്പോഴും കുറവുണ്ടാകുന്നു.

തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.6.17 | 5/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.3.17 മുതൽ 28.3.17വരെ | 2011-12മുതൽ 2015-16 വരെ | 11.5.17 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഒടുക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം

സെക്രട്ടറി, എസ്.എൻ.ഡി.പി.ശാഖ 245, ശാഖ 363 എന്നിവ 13-14 മുതൽ വസ്തുനികുതി അടയ്ക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ട്. 13-14 മുതൽ 16-17 വരെ യഥാക്രമം 62206/-രൂപ, 221760/-രൂപയാണ് കുടിശ്ശിക വരുത്തിയിരിക്കുന്നത്. കുടിശ്ശിക അടയ്ക്കാത്ത പക്ഷം ജപ്തി ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചുകൊണ്ട് 31.3.17 ൽ പഞ്ചായത്തിൽ നിന്നും കത്ത് നല്കിയിട്ടുണ്ട്. തുടർ നടപടി അറിയിക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 2-2 അൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ - തൊഴിൽ നികുതിയിൽ കുറവ്

സ.ഉ (കൈ) 36/11പൊതുവിദ്യാഭ്യാസം, തീയതി 14/2/11പ്രകാരം കേരളത്തിലെ അൺ എയ്ഡഡ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ ന്റെ ഒരുമാസത്തെ കുറഞ്ഞ ശമ്പളം 7000 രൂപയും ഹൈസ്കൂൾ അദ്ധ്യാപകന്റേത് 6000 രൂപയും പ്രൈമറി അദ്ധ്യാപകന്റേത് 5000 രൂപയുമായിരിക്കേണ്ടതാണ്. 30/9/16 ൽ ചീഫ് ലേബർ കമ്മീഷണർ പുറപ്പെടുവിച്ച 1/43(1)/2016 നമ്പർ ഉത്തരവ് പ്രകാരം ഏത് മേഖലയിലേയും വിദഗ്ധ തൊഴിലാളിക്ക് വേരിയബിൾ ഡി.എ സഹിതം ഒരുദിവസം 281രൂപ വേതനം ലഭിക്കണം. അതായത് ഒരുമാസം 20 ദിവസം ജോലി ചെയ്താൽ പോലും 5620 രൂപ വേതനം നൽകണം. അൽ ഹുദ ഇംഗ്ലീഷ് മീഡിയം സ്കൂൾ 2016-17 ലെ രണ്ട് അർദ്ധവർഷങ്ങളിലും ഹാജരാക്കിയ റിട്ടേൺ പ്രകാരം പ്രിൻസിപ്പാളിന്റെ അടിസ്ഥാന ശമ്പളം 3500 രൂപയും അദ്ധ്യാപകരുടേത് 2700,2500, 2000 എന്നിങ്ങനെ മൂന്ന് സ്ലാബിലുമാണ്. ക്ഷാമബത്ത സഹിതം പ്രിൻസിപ്പാളിന്റെ ഒരുമാസത്തെ ആകെ വേതനം 4750 രൂപയും അദ്ധ്യാപകരുടേത് യഥാക്രമം 3450,3250,2750 രൂപ മാത്രവുമാണ്.

സ്ഥാപനം തെറ്റായവിവരം നൽകി തൊഴിൽ നികുതി കുറച്ചടച്ച് പഞ്ചായത്തിന് നഷ്ടം വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചതായി കാണുന്നില്ല. അഥവാ നിയമാനുസൃതം നൽകേണ്ടതിലും കുറഞ്ഞവേതനം മാത്രമാണ് നൽകപ്പെടുന്നതെങ്കിൽ അത് ജില്ല ലേബർ ആഫീസറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ഉത്തരവാദിത്തവും തദ്ദേശഭരണ സ്ഥാപനത്തിനുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ആഡിറ്റിൽ അറിയിക്കാൻ നിർദ്ദേശിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നം. 16, 28/6/17) മറുപടി ലഭിച്ചിട്ടില്ല. ഇതേക്കുറിച്ച് പരിശോധിച്ച് യുക്ത നടപടി സ്വീകരിച്ച് ആഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ലൈസൻസില്ലാതെയും തൊഴിൽ നികുതി അടക്കാതെയും വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ 2016-17ൽ കൊമേഴ്സ്യൽ ഒക്കുപ്പൻസി എന്ന നിലയിൽ നമ്പർ നൽകിയ 1316 കെട്ടിടങ്ങൾ ഉള്ളപ്പോൾ 546 സ്ഥാപനങ്ങൾ മാത്രമാണ് ഡി.&ഒ. ലൈസൻസ് എടുത്തിട്ടുള്ളത്. ഇത്രതന്നെ സ്ഥാപനങ്ങളേ സ്ഥാപന തൊഴിൽ നികുതിയും അടച്ചിട്ടുള്ളു. കൊമേഴ്സ്യൽ നമ്പരുള്ള കെട്ടിടങ്ങളുടെ 41.5 ശതമാനം മാത്രമാണിത്. കേരള പഞ്ചായത്ത് രാജ് നിയമം - 1994 വകുപ്പ് 205 ബി പ്രകാരം പ്രസ്തുത കെട്ടിടങ്ങൾ ഏത് ആവശ്യത്തിന് ഉപയോഗിക്കുന്നു എന്ന വിവരം ഗ്രാമപഞ്ചായത്തിൽ അറിയിക്കണം എന്നാവശ്യപ്പെട്ട് നോട്ടീസും നൽകിയതായി കാണുന്നില്ല.

എല്ലാ സ്ഥാപനങ്ങളും ഡി.&ഒ. ലൈസൻസ് എടുത്തിട്ടുണ്ട് എന്നും സ്ഥാപന തൊഴിൽ നികുതി അടച്ചു എന്നും ഉറപ്പിക്കേണ്ടതാണ്.

## 2-4 നികുതി പിരിവ്, ഒടുക്ക് എന്നിവയുടെ മേൽനോട്ടം ഫലപ്രദമല്ല

ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല. ഈ ചുമതല ക്യാഷ്യറെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും പരിശോധന ഫലപ്രദമാകുന്നില്ല. പലപ്പോഴും പണം അടക്കുന്നതിൽ കുറവുണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം. | തീയതി | കുറവ് വന്ന തുക | അടച്ച തീയതി | രസീത് നം (ഫ്രണ്ട് ഓഫീസ്) | അടക്കാനുള്ള കാരണം |
|---|---|---|---|---|---|
| 41087/86 | 18/11/16 | 378 | 12/1/17 | 11601108251 | പെർഫോമൻസ് ആഡിറ്റ് പരിശോധന |
| 41087/100 | 18/11/16 | 1005 | 12/1/17 | 11601108251 | |
| 3039/34 | 29/3/17 | 261 | 24/6/17 | 3045/50 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ ഈ പരിശോധന |
| 41081/25 | 14/11/16 | 40 | 24/6/17 | 3045/48 | |
| 3040/46 | 31/3/17 | 77 | 23/6/17 | 3045/25 | പെർഫോമൻസ് ആഡിറ്റ് പരിശോധന |

ക്ലർക്ക്മാർ പുറത്ത് പോയി പിരിക്കുന്ന തുക ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് ഇതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് അടക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 2-5 വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന മുറികൾക്ക് വാടക ഈടാക്കുന്നില്ല

പഞ്ചായത്ത് കമ്മറ്റിയുടെ 12/12/2014ലെ IV(26)നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 3, 4 നമ്പർ മുറികൾ അമ്പലപ്പുഴ വടക്ക് വില്ലേജ് ഓഫീസിനായി ആലപ്പുഴ ജില്ല കളക്ടർക്ക് വാടക്ക് നല്കാൻ തീരുമാനിക്കുകയും 2500രൂപ താൽക്കാലിക വാടക നിശ്ചയിച്ച് 22/12/14 ൽ പഞ്ചായത്ത് സെക്രട്ടറി അമ്പലപ്പുഴ തഹസീൽദാരുമായി കരാർ ചമക്കുകയും ചെയ്തു. 21/12/2019 വരെയാണ് മുറികൾ വാടകക്ക് നൽകിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി വഴി വാടക നിശ്ചയിക്കുന്നത് വരെയാണ് താൽക്കാലിക വാടക നിജപ്പെടുത്തിയിരുന്നത്. ഇതിലേക്കായി മുറികളുടെ വിസ്തീർണ്ണം അസിസ്റ്റന്റ് എൻജിനീയർ നിജപ്പെടുത്തി (36.55 ച.മി.) 8/1/15 ൽ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും വാടക നിശ്ചയിക്കാൻ പി.ഡബ്ല്യു.ഡിക്ക് പഞ്ചായത്ത് കത്ത് നൽകിയതായി കാണുന്നില്ല. ഇതുവരെ വാടകയും അടച്ചിട്ടില്ല. വാടക അടക്കാനായി അവസാനം തഹസീൽദാർക്ക് കത്തയച്ചത് 1/6/2015 ലാണ്. ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നം.18, 28/6/17)മറുപടി ലഭിച്ചിട്ടില്ല. താൽക്കാലിക വാടക ഈടാക്കാത്തത് നിമിത്തം 2014 ഡിസംബർ മുതൽ 2017മാർച്ച് വരെ 70000

(28*2500) രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായി. (2016-17 ൽ മാത്രം 30000 രൂപയുടെ നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായത്). ജില്ലാ കളക്ടർക്ക് കത്ത് നൽകി വാടക ഈടാക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കെ.പി.ഡബ്ല്യൂ.എ. കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി, മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2005-06 മുതൽ 2016-17 വരെ 553407/-രൂപ ഡിപ്പോസിറ്റിനത്തിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-7 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ട് നിഷ്ക്രിയമായി തുടരുന്നു

ഗ്രാമ പഞ്ചായത്തിന്റെ സാക്ഷരത ബാങ്ക് അക്കൗണ്ട് (എസ്.ബി.ഐ, വണ്ടാനം - 57036094699) വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നതിനാൽ അക്കൗണ്ടിൽ ഉണ്ടായിരുന്ന 36,226/-രൂപ ആർ.ബി.ഐ അക്കൗണ്ടിലേയ്ക്ക് ട്രാൻസഫർ ചെയ്യപ്പെടുകയും നിലവിൽ അക്കൗണ്ട് ബാലൻസ് ഇല്ലാത്തതായും കാണുന്നു. ഇത് പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്നും കത്ത് നല്കിയിട്ടുണ്ടെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന് നഷ്ടപ്പെട്ട തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജൈവ പച്ചക്കറി വികസന പദ്ധതി - നടത്തിപ്പിൽ അപാകം, പഞ്ചായത്തിന് നഷ്ടം സംഭവിച്ചു

പ്രോജക്ട് നം.4/17

ജൈവ പച്ചക്കറി വികസന പദ്ധതിക്കായി ബിൽ നമ്പർ 13തീയതി 31/3/17 പ്രകാരം 300700രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട് കൂടാതെ 30000 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചതിൽ 16900 രൂപയും ചെലവഴിച്ചിട്ടുണ്ട്(തനത് ഫണ്ട് വൗച്ചർ നം 1180, തീയതി 31/3/17). 500പാക്കറ്റ് പച്ചക്കറി വിത്തുകൾ, 10000 കിലോഗ്രാം ജൈവവളം, 2200കി.ഗ്രാം മണ്ണിര

കമ്പോസ്റ്റ് എന്നിവ വാങ്ങാനും 200000 രൂപ കൂലി ചലവ് സബ്സിഡി നൽകാനുമാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രസ്തുത പദ്ധതി നടത്തിപ്പിലും രേഖകൾ ആഡിറ്റിൽ ഹാജരാക്കിയതിലും താഴെ പറയുന്ന അപാകങ്ങൾ സംഭവിച്ചു.

എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ക്വട്ടേഷൻ ഇല്ലാതെയാണ് 4166.66 കി.ഗ്രാം മണ്ണിര കംപോസ്റ്റ് വാങ്ങിയിട്ടുള്ളത് (വില 50000 രൂപ, ചെലവ് - വികസന ഫണ്ട് 37500, ഗു. വി. 12500). കാർഷികോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായിട്ടാണ് KAICO-യെ തെരഞ്ഞെടുത്തിരിക്കുന്നത്. അതിനാൽ വിത്ത്, വളം എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ അഥവ ടെൻഡർ ക്ഷണിച്ച് വാങ്ങൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) പദ്ധതിയിൽ പറയാത്ത കുമിൾ നാശിനി (സ്യൂഡോമോണസ്) 55.56 കി.ഗ്രാം 4445 രൂപ മുടക്കി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് (80 രൂപ പ്രതി കി.ഗ്രാം) വാങ്ങിയിട്ടുണ്ട്. ഇതിന്റെ വില പൂർണ്ണമായും വികസന ഫണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്. സ.ഉ.(അ) 4/16 ത.സ്വ.ഭ.വ തീയതി 11/1/16 സബ്സിഡി മാർഗ്ഗരേഖ പ്രകാരം കീടനാശിനി അഥവ കുമിൾ നാശിനിക്ക് പരമാവധി 50 ശതമാനം സബ്സിഡിയാണ് അനുവദനീയമായത്. ഇത് പ്രകാരം 2222 രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്ന് നൽകാവുന്നത്. ബാക്കി 2223 രൂപ ഗുണഭോക്തൃ വിഹിതമാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്ന് നൽകുക വഴി പഞ്ചായത്തിന് 2223 രൂപ നഷ്ടമായി. ഇത് നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. 55.56കി.ഗ്രാം. സ്യൂഡോമോണസ് പ്രസ്തുത 50 ഗ്രൂപ്പ്/വ്യക്തികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആകയാൽ ബാക്കി 2222രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സി) 550 സീഡ് ട്രേ വാങ്ങിയതിന് "പദ്ധതിക്ക് വകയിരുത്തിയ തുക അപര്യാപ്തമാകയാൽ നൽകുന്നത്" എന്ന് രേഖപ്പെടുത്തി (ബിൽ രജിസ്റ്ററിൽ) തനത് ഫണ്ട് 9350 രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകി (ബിൽ നമ്പർ 1188, പേ ഓർഡർ നം 1187 തീയതി 31/3/17, കമ്മറ്റി തീരുമാനം - 24/3/2017 ലെ തീരുമാനം നം.3(4)). പ്രോജക്ടിൽ ഈ ഇനം ഉൾപ്പെടുത്തിയിട്ടില്ല. ഈ ട്രേകൾ വിതരണം ചെയ്തതായും കാണുന്നില്ല. പദ്ധതി റിവൈസ് ചെയ്യാതെ പദ്ധതിയിലില്ലാത്ത ഇനത്തിന് തനത് ഫണ്ട് ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഡി) പദ്ധതിയിൽ 16900 രൂപ ഗുണഭോക്തൃ വിഹിതം നേരിട്ട് ശേഖരിക്കാൻ വ്യവസ്ഥ ചെയ്തപ്പോൾ 30000 രൂപ പിരിച്ചു (50 ഗ്രൂപ്പ്/വ്യക്തികളിൽ നിന്ന് 600 രൂപ വീതം). അധിക തുക പിരിച്ചതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ ആഡിറ്റ് അന്വേഷണം നൽകിയിട്ടും (നം.1, 22/6/2017) നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. ഗുണഭോക്തൃവിഹിതമായി പിരിക്കുന്ന തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുമില്ല.

ഇ) പദ്ധതി പ്രകാരം 100 ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കൂലിചെലവ് സബ്സിഡി നൽകേണ്ടസ്ഥാനത്ത് 46 ഗ്രൂപ്പുകൾക്കും നാല് വ്യക്തികൾക്കും പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചു. പ്രോജക്ടിൽ കുടുംബശ്രീ ഗ്രൂപ്പുകളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ നാല് വ്യക്തികൾക്ക് കൂടി പദ്ധതിയുടെ ആനുകൂല്യം നൽകി. വ്യക്തികളുടെ പേരിലുള്ള നാല് ഗ്രൂപ്പുകളാണിവ എന്നാണ് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയത്.

എന്നാൽ കുടുംബശ്രീ ഗ്രൂപ്പുകൾക്കായി വിഭാവനം ചെയ്ത പദ്ധതിയിൽ മറ്റ് കാർഷിക ഗ്രൂപ്പിനെ ഉൾപ്പെടുത്തിയതും പദ്ധതിയുടെ ഉദ്ദേശത്തിന് വിരുദ്ധമാണ്.

എഫ്) സബ്സിഡി മാർഗ്ഗരേഖ പ്രകാരം പത്ത് സെന്റെങ്കിലും കൃഷി ചെയ്യണം എന്ന വ്യവസ്ഥയോടെ ഒരു ഹെക്ടറിന് പരമാവധി 10000 രൂപയാണ് സബ്സിഡി നൽകാവുന്നത്. ഇവിടെ അൻപത് ഗ്രൂപ്പ് അഥവ വ്യക്തികൾക്ക് എല്ലാപേർക്കും 4000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. പ്രസ്തുത ഗ്രൂപ്പുകളുടെ പഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം 46ഗ്രൂപ്പിൽ 5 ഗ്രൂപ്പും 4 വ്യക്തികളിൽ 3 പേരും മാത്രമാണ് ഒരേക്കറിൽ കൃഷി ചെയ്യുന്നത്. 41 ഗ്രൂപ്പുകളും ഒരു വ്യക്തിയും മുപ്പത് മുതൽ എഴുപത്തിയഞ്ച് വരെ സെന്റ് സ്ഥലത്താണ് കൃഷിചെയ്യുന്നത്. ആകെ 2840 സെന്റിൽ (28.4ഏക്കർ)മാത്രമാണ് കൃഷിചെയ്തതായി കാണുന്നത്. (ഇതിന്റെ തന്നെ ഉടമസ്ഥാവകാശം അഥവ പാട്ടകരാർ സംബന്ധിച്ച രേഖകൾ ആഡിറ്റിൽ ഹാജരാക്കപ്പെട്ടിട്ടില്ല.) ഇത് പ്രകാരം അനുവദനീയമായ സബ്സിഡി 113600 രൂപ മാത്രമായിരുന്നു. എന്നാൽ 200000 രൂപ സബ്സിഡിക്കായി പിൻവലിച്ചു. ഇത് സംബന്ധിച്ച് ആഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് (നം.1, 22/6/17) ഈയിനത്തിൽ അധികമായി പിൻവലിച്ച 86400 രൂപ28/6/2017ൽ പ്രസ്തുത അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് സഞ്ചിത നിധിയിൽ അടച്ചിട്ടുണ്ട്.

പിൻവലിച്ച തുക നാളിത് വരെ പ്രസ്തുത ഗ്രൂപ്പ്/വ്യക്തികൾക്ക് വിതരണം ചെയ്തിട്ടില്ല. തുക കൃഷി ഓഫീസറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ (STSB 706031400000070) സൂക്ഷിച്ചിരിക്കുകയാണ്. പണം പിൻവലിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും വിതരണം ചെയ്യാത്തത് ചട്ടവിരുദ്ധമാണ്. പണം വിതരണം ചെയ്യാത്ത സാഹചര്യത്തിലും കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം അഥവ പാട്ടകരാർ സംബന്ധിച്ച രേഖകൾ ആഡിറ്റിൽ ഹാജരാക്കാത്ത സാഹചര്യത്തിലും അക്കൗണ്ടിൽ ബാക്കിയുള്ള 113600 രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ജി) വിത്ത്, വളം, ചകിരിച്ചോറ് എന്നിവ ഗ്രൂപ്പുകൾ/വ്യക്തികൾ കൈപ്പറ്റിയതിന്റെ രേഖകൾ ആഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇവരുടെ അപേക്ഷകളും ഇല്ല. ആകയാൽ വികസന ഫണ്ടിൽ നിന്നും മേൽപ്പറഞ്ഞ ഇനങ്ങൾക്കായി ചെലവഴിച്ച 96255 രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ഇനം | ചെലവഴിച്ച തുക | സ്ഥാപനം |
|---|---|---|
| വിത്ത് വില | 45555 | വി.എഫ്.പി.സി.കെ. |
| ചകിരിച്ചോറ്/വളം | 50700 | കെയ്കോ |
| ആകെ | 96255 | |

## 3-2 ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം - അംഗീകരിച്ച ക്വട്ടേഷൻ നിരക്കിലധികം തുക നൽകി, ഉപകരണങ്ങൾ നാളിതുവരെ വിതരണം ചെയ്തില്ല

നിർവ്വഹണം - ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ

ബിൽ നമ്പർ - 3/16-17/10.3.17 - 100000/-

ഗ്രാമ പഞ്ചായത്തിലെ 10 സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി

തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയ്ക്കായി മൂന്ന് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭിച്ചതിൽ അട്ടൂരിലുള്ള കിക്കോ സ്പോർട്ട്സ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ രണ്ട് നിരക്കിലാണ് തുക ക്വാട്ട് ചെയ്തിരുന്നത്. ഉയർന്ന നിരക്കിലുള്ള തുകയും (First option), കുറഞ്ഞ നിരക്കിലുള്ള തുകയും (second option). സ്ഥാപനത്തിന്റെ second option പ്രകാരമുള്ള (ഇൻവോയ്സ് നം. 110/26.10.16) ക്വട്ടേഷനാണ് ഏറ്റവും കുറഞ്ഞ നിരക്കായി അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത്. ഈ നിരക്കനുസരിച്ചാണ് കംപാരിറ്റീവ് സ്റ്റേറ്റ്മെന്റും തയ്യാറാക്കിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ നിർദ്ദേശ പ്രകാരം കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും പർച്ചേസ് നടത്താൻ 15.11.2016 ലെ 43(5) നമ്പർ കമ്മറ്റി തീരുമാന പ്രകാരം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ടി സ്ഥാപനം നൽകിയിട്ടുള്ള ക്യാഷ് ബില്ലിൽ ( നം.1129/28.2.17) രേഖപ്പെടുത്തിയിട്ടുള്ള തുക അംഗീകരിച്ച ക്വട്ടേഷൻ നിരക്കിലും അധിക നിരക്കിലുള്ള തുകയാണ്. (first option പ്രകാരമുള്ള നിരക്കാണ് രേഖപ്പെടുത്തിയത്) ടി തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. അംഗീകരിച്ച ക്വട്ടേഷൻ നിരക്കിലധികം തുക നൽകിയതു മൂലം 17430/- രൂപ അധിക ചെലവായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അംഗീകരിച്ച നിരക്ക് | നൽകിയ നിരക്ക് | അധികം നൽകിയ നിരക്ക് | എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ക്രിക്കറ്റ് ബാറ്റ് | 1490 | 1840 | 350 | 20 | 7000 |
| 2 | സ്റ്റിച്ച് ബോൾ | 270 | 270 | -- | 20 | -- |
| 3 | സ്റ്റംമ്പ്സ് | 80 | 110 | 30 | 60 | 1800 |
| 4 | ഷട്ടിൽ ബാറ്റ് | 280 | 325 | 45 | 44 | 1980 |
| 5 | ഷട്ടിൽ കോക്ക് | 250 | 390 | 140 | 10 | 1400 |
| 6 | നെറ്റ് | 225 | 300 | 75 | 10 | 750 |
| 7 | ഫൂട്ട് ബോൾ | 650 | 750 | 100 | 22 | 2200 |
| 8 | ക്യാരംസ് ബോർഡ് | 1150 | 1380 | 230 | 10 | 2300 |
| | ആകെ | | | | | 17430 |

10 സ്പോർട്ട്സ് ക്ലബ്ബുകൾക്കായി 28.2.17 ൽ വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെയായും വിതരണം ചെയ്തിട്ടില്ലാത്തതായി കാണുന്നു. ടി അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/27.6.17) പ്രഥമാധ്യാപകൻ ലഭ്യമാക്കിയ മറുപടിയിൽ ഉയർന്ന നിരക്കിൽ തുക നൽകിയത് ബോദ്ധ്യപ്പെട്ടതായും ടി തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ക്രമ വിരുദ്ധമായി ചെലവഴിച്ച 17430/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സ്പോർട്ട്സ് ഉപകരണങ്ങൾ നാളിതുവരെയായും വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ശേഷിച്ച തുക 82570/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്പോർട്ട്സ് ഉപകരണങ്ങൾ എത്രയും വേഗം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഓഫീസ് നവീകരണം-- കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല-തുക അധികം നല്കി

ഓഫീസ് നവീകരണം (S0083/17) പദ്ധതിയിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കൺസൾട്ടന്റിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 7 സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത (52000/-) സെലസ് കൺസൾട്ടൻസി സർവീസസ്, ചേർത്തലയെ ഒഴിവാക്കി 60,000/- രൂപ ക്വാട്ട് ചെയ്ത സാത്വിക് സിസ്റ്റംസ് കൊച്ചി എന്ന സ്ഥാപനത്തിനാണ് ക്വട്ടേഷൻ നല്കിയത്. ഇതിന് കാരണമായി 15.11.16 ലെ 43(1) ാം നം.കമ്മറ്റി തീരുമാനത്തിൽ, സാത്വിക് സിസ്റ്റംസ് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ നാഷണൽ ബോർഡ് ഫോർ

ക്വാളിറ്റി പ്രൊമോഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്നും സെലസ് കൺസൾട്ടൻസി ഹാജരാക്കിയിട്ടുള്ള എൽ.എം.എസ് സർട്ടിഫിക്കറ്റിനൊപ്പം സർവെയിലൻസ് കംപ്ലീഷൻ ലറ്റർ ഇല്ലെന്നും അതിനാൽ ഈ സർട്ടിഫിക്കറ്റിന് വാലിഡിറ്റി ഇല്ലെന്നും സാത്വിക് സിസ്റ്റംസ് 90 ദിവസവും സെലസ് കൺസൾട്ടൻസി 120 ദിവസവും ആണ് പൂർത്തീകരണത്തിന് രേഖപ്പെടുത്തിയതെന്നുമുള്ള കാരണങ്ങളാണ് പരാമർശിച്ചിരിക്കുന്നത്. എന്നാൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.1.15 ലെ സ.ഉ.(എം.എസ്)നം.18/2015. ത.സ്വഭ.വ ഉത്തരവിൽ ഐ.എസ്.ഒ കൺസൾട്ടന്റിനു വേണ്ട യോഗ്യതയിൽ മേൽ പരാമർശിച്ച സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നില്ല. എന്നാൽ ലീഡ് ഓഡിറ്റർ കോഴ്സ് പാസ്സായിട്ടുള്ളതും സേവന രംഗത്ത് മൂന്ന് സ്ഥാപനങ്ങളിലെങ്കിലും കൺസൾട്ടന്റായി മുൻ പരിചയവും ഉണ്ടാകണമെന്ന് വ്യക്തമാക്കുന്നുണ്ട്. ഈ രണ്ട് യോഗ്യതകളും കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിനുണ്ട്. മാത്രമല്ല, സാത്വിക് സിസ്റ്റംസ് ക്വട്ടേഷനിൽ പങ്കെടുക്കാൻ ഇ.എം.ഡി അടച്ചിട്ടില്ല. തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാനുവൽ ജി.ഒ.(ആർ.ടി.)2487/16/തസ്വഭവ 20.8.16പ്രകാരം 50,000/- രൂപയ്ക്ക് മുകളിലുള്ള ക്വട്ടേഷന് ഇ.എം.ഡി നിർബന്ധമാണ്. ഇ.എം.ഡി അടയ്ക്കാത്ത സ്ഥാപനത്തിനാണ് ക്വട്ടേഷൻ അംഗീകരിച്ച് നല്കിയത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് "കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനം ക്വാളിഫൈഡ് അല്ല എന്ന് തെറ്റായി മനസ്സിലാക്കിയതിനാലാണ് ഒഴിവാക്കിയതെന്നും സർക്കാർ അംഗീകരിച്ച നിരക്കിൽ അധികരിക്കാതെയാണ് തുക ചെലവഴിച്ചതെന്നും" മറുപടി ഹാജരാക്കി.

മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത കാരണങ്ങളുടെ പേരിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിനാൽ 8000/-രൂപ വികസനഫണ്ട് അധികം ചെലവഴിക്കേണ്ടതായി വന്നു. ഈ അധിക ചെലവ് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ചെലവ് വിവരം</u>

96530/-ബിൽ നം.50/16-17 തീയതി.31.3.17

## 3-4 <u>പാലിയേറ്റീവ് കെയർ - വൗച്ചറിൽ കൃത്രിമം - ചെലവ് അംഗീകരിക്കുന്നില്ല</u>

പദ്ധതി നം 54/16-17, പാലിയേറ്റീവ് കെയർ പദ്ധതിക്കായി 628090 രൂപ അടങ്കൽ വച്ച് അത്രതന്നെ തുക ചെലവഴിച്ചിട്ടുണ്ട്. 400000രൂപ വികസന ഫണ്ട്, 5000 ധനകാര്യകമ്മീഷൻ അവാർഡ്, 223090 ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിങ്ങനെയാണ് ചെലവ്.

എ) ധനകാര്യകമ്മീഷൻ അവാർഡ് 5000 രൂപ പിൻവലിച്ചത് (ബിൽ നം. 6/16-17, 29/3/17) 12 ദിവസങ്ങളിൽ അടിയന്തിര ഭവന സന്ദർശനം നടത്തിയതിന് വിവിധ ഓട്ടോ ഡ്രൈവർമാർക്ക് വാഹന വാടക നൽകി എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഇതിന്റെ വൗച്ചറിൽ യാത്രാസമയം, സ്ഥലം, ദൂരം തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വൗച്ചറിൽ ചേർത്തിരിക്കുന്ന വാഹന നമ്പർ എല്ലാം തന്നെ പല ഉടമസ്ഥതകളിലുള്ള ഇരുചക്ര വാഹനങ്ങളുടേതാണ്. ചില നമ്പരിലുള്ള വാഹനം തന്നെ നിലവിലില്ല. ഈ ഭവന സന്ദർശനങ്ങൾ ഒന്നും തന്നെ ഭവന സന്ദർശന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| യാത്രാ ദിവസം | തുക | തുക കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തി | വണ്ടി നമ്പർ | വണ്ടിയുടെ ഇനം | ഉടമസ്ഥന്റെ പേര് |
|---|---|---|---|---|---|
| | | | (വൗച്ചർ പ്രകാരം) | (കേരള മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന വിവരം) | |
| 5/9/16 | 300 | രാജീവ്, കന്നിട്ടയിൽ | KL04-6185 | മോട്ടോർ സൈക്കിൾ | മനോജ്.എൻ (കായംകുളം ജോ.ആർ.ടി.ഒ) |
| 3/3/17 | 450 | | | | |
| 7/3/17 | 450 | | | | |
| 3/2/17 | 450 | അജയൻ, കോമന | KL04AX3918 | ഈ നമ്പരിൽ ഒരു വാഹനം നിലവിലില്ല | |
| 24/1/17 | 450 | അനിൽ കുമാർ | KL04 C 8559 | മോട്ടോർ സൈക്കിൾ | ബൈജു |
| 1/3/17 | 450 | കണ്ണൻ, ആമ്പാടി | KL04AY8025 | ഈ നമ്പരിൽ ഓരു വാഹനം നിലവിലില്ല | |
| 28/1/17 | 200 | സുമേഷ്. പി.റ്റി | KL04AG2815 | മോട്ടോർ സൈക്കിൾ | ലേഖ കുമാരി (പാലിയേറ്റീവ് കെയർ നേഴ്സ്) |
| 6/3/17 | 450 | | | | |
| 19/1/17 | 450 | ജയരാജ് | KL04 Z 9792 | മോട്ടോർ സൈക്കിൾ | സാംസൺ |

4/3/17 ൽ നടത്തിയ യാത്രയുടെ വാഹന നമ്പർ ലഭ്യമല്ല. പാലിയേറ്റീവ് കെയർ നേഴ്സിന്റെ സ്കൂട്ടറിന്റെ നമ്പർ വരെ രേഖപ്പെടുത്തി വ്യാജവൗച്ചർ ചമച്ചതിൽ നിന്ന് ഈ ചെലവ് യഥാർത്ഥത്തിൽ വന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. ഈ തുക (5000 രൂപ) നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

ബി) ബ്ലോക്ക് പഞ്ചായത്ത് വിഹിതം 223090 രൂപ പിൻവലിച്ചതിൽ നിന്ന് (ചെക്ക് നമ്പർ 091536, 29/3/17) 4000 രൂപ പത്ത് രോഗികളെ പത്ത് ദിവസങ്ങളിൽ ആശുപത്രിയിൽ എത്തിച്ച വകയിൽ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (വൗച്ചർ നം. 106-115). എന്നാൽ ഈ വൗച്ചറിൽ ഒന്നും തന്നെ യാത്ര സമയം, വണ്ടി നമ്പർ, ദൂരം, യാത്രാസ്ഥലം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഈ പഞ്ചായത്തിലെ ഏതൊരു സ്ഥലത്തുനിന്നും വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് അഞ്ച് കിലോമീറ്ററിൽ അധികം ദൂരമില്ലെന്നിരിക്കെ ഒരു യാത്രക്ക് പരമാവധി 100 രൂപയേ ചെലവാകുകയുള്ളൂ. മേൽപ്പറഞ്ഞ കാരണങ്ങളാൽ ചെലവ് അംഗീകരക്കത്തക്കതല്ല. പ്രസ്തുത 4000 രൂപ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. (മേൽ പറഞ്ഞ അനധികൃത ചെലവിന് കാരണം വ്യക്തമാക്കാൻ ആഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം.20,29/6/17)മറുപടി ലഭിച്ചില്ല.)

## 3-5 <u>സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി --കെൽട്രോണിന് മുഴുവൻ</u>

## തുകയും നല്കി,പാനൽ സ്ഥാപിച്ചില്ല

പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതിയിൽ (S130/17) 10kw ഗ്രിഡിന്റെ പവർപ്ലാന്റ് സ്ഥാപിക്കുന്നതിന് കെൽട്രോണിന് മുഴുവൻ ചെലവ് തുകയായ 9,50,000/- രൂപയും നല്കിയിട്ടുണ്ട്. കെൽട്രോണുമായുള്ള എഗ്രിമെന്റ് പ്രകാരം 50% അഡ്വാൻസ്, മെറ്റീരിയൽ സപ്ലൈ ചെയ്യുമ്പോൾ 40%, ബാക്കി 10% ഇൻസ്റ്റലേഷൻ & കമ്മീഷനിംഗിനു ശേഷം അനുവദിച്ചാൽ മതിയാകുന്നതാണ്. എന്നാൽ നിലവിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടില്ല. മുഴുവൻ തുകയും കെൽട്രോണിന് 3/17 ൽ നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയെന്നും പദ്ധതി പൂർത്തിയാക്കി വിവരം ഉടൻ അറിയിക്കാമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഉപകരണം സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മുഴുവൻ ചെലവ് തുകയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

4,75,300/- ബിൽ നം. 24/17/28.2.17

3,82,528/- ബിൽ നം. 39/17/31.3.17

89172/- ബിൽ നം.45.17 /31.3.17

3000/- ചെക്ക് നം.439234/31.3.17

## 3-6 എസ്.എസ്.എ വിഹിതം ഒടുക്കൽ - തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ വിവരം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല

നിർവ്വഹണം - ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ

ബിൽ നമ്പർ - 1/16-17/21.11.16 - 1000000/-

2/16-17/10.3.17 - 742744/-

ഗ്രാമ പഞ്ചായത്തിൽ നിന്നും 2016-17 വർഷത്തേയ്ക്കുള്ള എസ്.എസ്.എ വിഹിതമായി 1742744/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ എച്ച്.എം ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ എസ്.എസ്.എ യുടെ പ്രോജക്ട് ഓഫീസറിൽ നിന്നും 1000000/-രൂപയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 742744/-രൂപയുടെ വിതരണം സംബന്ധിച്ച രേഖകൾ, കൈപ്പറ്റ് രസീത്, തുകയുടെ പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/27.6.17) പ്രഥമാധ്യാപകൻ ലഭ്യമാക്കിയ മറുപടിയിൽ ടി രേഖകൾ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നാളിതുവരെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 1742744/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ സപ്ലൈ- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല

2016-17 ൽ മെറ്റീരിയൽ സപ്ലൈ ആവശ്യമുള്ള 34 റോഡ് കോൺക്രീറ്റിംഗ് വർക്കുകളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയത്. ശ്രീ.ഗ്രിഗറി എന്ന കരാറുകാരനാണ് ഈ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽ എസ്റ്റിമേറ്റ് നിരക്കിൽ വിതരണം ചെയ്യാമെന്ന് സെക്രട്ടറിയുമായി തീയതി രേഖപ്പെടുത്താതെ കരാർ വച്ചിരിക്കുന്നത്. പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്ത ഇനത്തിൽ ആകെ 9715495/- രൂപ ടിയാൾ കൈപ്പറ്റിയിട്ടുണ്ട്. 30,000/-രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് കരാറുകാരൻ 1% ആദായ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ ആദായനികുതി ഇനത്തിൽ ഒടുക്കേണ്ട 97155/- രൂപ ഒടുക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കി ബന്ധപ്പെട്ട ശീർഷത്തിൽ അടയ്ക്കേണ്ടതാണ്.

## 3-8 ഇലക്ട്രിക് വർക്കുകളിൽ മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല

പഞ്ചായത്ത് ഫ്രണ്ട് ഓഫീസിന്റെ സീലിംഗിൽ കൺസീൽഡ് വയറിംഗ് നടത്തുക, ഫ്രണ്ട് ഓഫീസിൽ ഫാൻ, സ്വിച്ച് മുതലായവ ഘടിപ്പിക്കുക, ഫ്രണ്ട് ഓഫീസിൽ എൽ.ഇ.ഡി ലൈറ്റുകൾ ഫിറ്റ് ചെയ്യുക എന്നിവയ്ക്കായി പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ ക്ഷണിക്കുകയും ഇതു മൂന്നും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എ.റിയാസ്, അൽ ഫൗസ് വില്ല, പുന്നപ്ര.പി.ഒ. എന്ന വ്യക്തിയെ ഏൽപ്പിക്കുകയും ചെയ്തു. ഒരേ മുറിയുടെ വൈദ്യുതീകരണത്തിലെ ഏറ്റവും അവശ്യമായ മൂന്ന് സംഗതികൾ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും പ്രോജക്ട് വയ്ക്കാതെയും നിർവ്വഹിച്ചത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

പ്രസ്തുത മൂന്ന് പ്രവൃത്തിക്കും യഥാക്രമം 10553 രൂപ, 8850രൂപ, 7850 രൂപ എന്നിങ്ങനെയാണ് ശ്രീ റിയാസ് ക്വട്ടേഷൻ നൽകിയത്. പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിച്ചതിന് ബിൽ നമ്പർ 1146 തീയതി 31/3/17പ്രകാരം 27253രൂപ (10553+ 8850+ 7850) ശ്രീ റിയാസിന് നൽകിയിട്ടുണ്ട് (ചെക്ക് നം. 439169, 31/3/17). ഈ പ്രവൃത്തികളുടെ മൂല്യത്തിൽ നിന്ന് മൂല്യവർദ്ധിത നികുതി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായനികുതി എന്നിവ കുറവ് ചെയ്തിട്ടില്ല. രജിസ്റ്റേഡ് കോൺട്രാക്ടർ അല്ലാത്തതിനാലും നികുതി കോംപൗണ്ട് ചെയ്തിട്ടില്ലാത്തതിനാലും 14.5 ശതമാനം വാറ്റ് ആണ് ഈടാക്കേണ്ടിയിരുന്നത്. കൂടാതെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായനികുതി എന്നിവ ഒരു ശതമാനം നിരക്കിലാണ് ഈടാക്കേണ്ടത്. അതായത് 3952 രൂപ വാറ്റ്, 273 രൂപ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, 273 രൂപ ആദായനികുതി എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവിനുത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കേണ്ടതാണ്.

## 3-9 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

വൈദ്യുതപോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതിയിൽ (S0071/17) ആകെ 4,07,044/-രൂപയും തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയിൽ(S180/17) 16,85,745/- രൂപയും വിവിധ ബില്ലുകളായി പിൻവലിച്ച് ഡെപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ.

| ക്രമ നം. | പദ്ധതി | സ്ഥാപനം | തുക | ബിൽനം/തീയതി | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 9 വാർഡുകളിൽ ഗതാഗത തടസ്സം നില്ക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക | കെ.എസ്.ഇ.ബി പുന്നപ്ര, അമ്പലപ്പുഴ | 69898/-<br>297393/-<br>10655/-<br>12155/-<br>5879/-<br>11064/- | 18/16-17/ 31.1.17,<br>23/16-17 21.2.17<br>25/16-17 28.2.17<br>30/16-17 18.3.17<br>34/16-17 22.3.17<br>53/16-17 31.3.17 | വിനിയോഗ വിവരം ലഭ്യമല്ല. |
| 2 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ വിവിധ വാർഡുകളിൽ | കെ.എസ്.ഇ.ബി പുന്നപ്ര, അമ്പലപ്പുഴ | 202008<br>1483737 | 48/16-17 31.3.17<br>54/16-17 31.3.17 | വിനിയോഗ വിവരം ലഭ്യമല്ല. |
| | ആകെ | | 2092789/- | | |

പ്രവൃത്തി വിവിധ ഘട്ടങ്ങളിലാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പൂർത്തീകരണത്തിന്റെ അഭാവത്താൽ 2092789/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങൽ--ഉപകരണങ്ങൾ വിതരണം ചെയ്തില്ല

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങൽ പദ്ധതിയിൽ കാഡ്കോ യിൽ നിന്നും 100 സ്റ്റീൽ ടേബിൾ, കസേര എന്നിവ വാങ്ങിയതിന് 4,00,000/-രൂപ ബിൽ നം.001145/16-17 /30.3.17 പ്രകാരം സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണ വിവരം ലഭ്യമല്ല.വിതരണ വിവരം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് മന്ത്രിമാരെ ഉൾപ്പെടുത്തി നടത്താനുദ്ദേശിക്കുന്ന പൊതു ചടങ്ങിൽ വിതരണം നടത്താൻ വേണ്ടി മത്സ്യഭവനിൽ ഉപകരണങ്ങൾ സൂക്ഷിച്ചിരിക്കുകയാണ് എന്ന മറുപടി ലഭ്യമാക്കി. വിതരണ വിവരം ഇല്ലാത്തതിനാൽ 4,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ് വാങ്ങൽ--വല കൈപ്പറ്റിയതിന്റെ രേഖകളില്ല

മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ് വാങ്ങൽ പദ്ധതിയിൽ 6 ഗുണഭോക്താക്കൾക്ക് 18000/-രൂപ വികസനഫണ്ട് വിഹിതം ബിൽ നം.001146/16-17/30.3.17 പ്രകാരവും ഗുണഭോക്തൃ വിഹിതം 18000/-രൂപയും (ചെക്ക് നം.439234/31.03.17) ചേർത്ത് ആകെ 36000/-രൂപ മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിന് നല്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ വല കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല. ഗുണഭോക്താക്കൾക്ക് പെർമിറ്റ് നല്കിയതിന്റെ വിവരം, ഓരോ ഗുണഭോക്താവും കൈപ്പറ്റിയ വലയുടെ അളവ് എന്നിവ ഫയലിൽ ഇല്ല. അക്വിറ്റൻസ് രജിസ്റ്ററിൽ ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും പെർമിറ്റ് മത്സ്യഭവനിൽ നിന്ന് നല്കി

ഗുണഭോക്താക്കൾ വല കൈപ്പറ്റിയിട്ടുണ്ടെന്നും ഫിഷറീസ് സബ് ഇൻസ്പെക്ടർ മറുപടി വാക്കാൽ അറിയിച്ചെങ്കിലും ഓരോ ഗുണഭോക്താവും മത്സ്യഫെഡിൽ നിന്ന് വല വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ വല കൈപ്പറ്റിയതിന്റെ വ്യക്തമായ രേഖകൾ ഇല്ലാത്തതിനാൽ 36000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 കറുകയിൽ മുതൽ കിളിയന്തറ വരെ റോഡ് ഗ്രാവലിംഗ് - കൺവേയൻസ് ഇനത്തിൽ കൺവീനർക്ക് അധിക തുക നൽകി

പ്രോജക്ട് നം. - 60/17

കൺവീനർ - അബ്ദുൾ സലാം

ബിൽ നം. 19/16-17/31.3.17

അളവ് പുസ്തകം - 66/17

പ്രവൃത്തി മൂല്യം - 191151/-

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ കറുകയിൽ മുതൽ കിളിയന്തറ വരെ റോഡ് ഗ്രാവലിംഗ് എന്ന പ്രവൃത്തിയുടെ ഇനം 2 പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തി 236.82 $m^3$ ഫില്ലിംഗ് മെറ്റീരിയൽ (ഗ്രാവൽ ഫില്ലിംഗ്) ഉപയോഗിച്ചുള്ള എംബാക്ക്മെന്റ് നിർമ്മാണമാണ്. എന്നാൽ ഇനം 3 പ്രകാരം ടി ഇനത്തിലുള്ള കൺവേയൻസ് നൽകിയപ്പോൾ ഫില്ലിംഗ് ക്വാണ്ടിറ്റി കണക്കാക്കിയതിലെ അപാകം മൂലം കൺവീനർക്ക് അധിക തുക നൽകി. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം 3 പ്രകാരം കണക്കാക്കിയ അളവും, നൽകിയ തുകയും

247.35 $m^3$ x 47 x 1.70 = 19763.26 tonne km

19763.26 tonne km x 2.48/tonne km = 49013/-

നൽകാവുന്ന തുക

236.82 $m^3$ x 47 x 1.70 = 18921.92 tonne km

18921.92 tonne km x 2.48/tonne km = 46926/-

അധികം നൽകിയത് = 2087/-

കുറയ്ക്കുക (2.5%) = 2087 x 1.075/1.10 = 2040/- രൂപ

അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/30.6.17) അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അധിക തുക നൽകിയത് ബോദ്ധ്യപ്പെട്ടതായും ടി തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 2040/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-13 കന്നുകുട്ടി പരിപാലനം (വനിത) പദ്ധതി--ചെലവ് തുക തടസ്സപ്പെടുത്തുന്നു

കന്നുകുട്ടി പരിപാലനം (വനിത) പദ്ധതിയിൽ -(S0041/17)-- 3,12,500/- രൂപ 50 ഗുണഭോക്താക്കൾക്കായി ബിൽ നം. JA03/17/27.3.17 പ്രകാരം പിൻവലിച്ച് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-14 എ.ബി.സി.പദ്ധതി - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണം-സെക്രട്ടറി

എ.ബി.സി.പദ്ധതിയുടെ ഭാഗമായി 2,00,000/-രൂപ ബിൽ നം.7/16-17 തീയതി.21.10.16 പ്രകാരം ജില്ലാ പഞ്ചായത്തിന് നല്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കാതെ തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഡെപ്പോസിറ്റായി തുടരുന്നു. തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല- ചെലവ് നിരാകരിക്കുന്നു

ആയുർവ്വേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവയ്ക്കു മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ലഭിച്ച മരുന്ന് തുക | ശേഷിക്കുന്ന മരുന്നിന്റെ വില | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് | 500000<br>100000 | 448754 | 151246 | 1/16-17 /29.09.16<br>7/16-17 /13.03.17 |
| 2 | വൃദ്ധജനങ്ങൾക്ക് ആയുർവ്വേദ മരുന്ന് | 286900<br>135000 | 348662 | 73238 | 5/16-17 /24.12.16<br>8/16-17/13.3.17 |
| 3 | ഹോമിയോ ആശുപത്രിക്ക് മരുന്ന് | 300000 | 138660 | 161340 | 3/16-17 /24.12.16 |
| | ആകെ | 1321900 | 936076 | 385824 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2, 22.6.17) നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ (ഹോമിയോ) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭിക്കാൻ ഡി.എം.ഒ. വഴി ഹോംകോ, ഔഷധി എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും

മരുന്ന് ലഭിച്ചാലുടൻ ഓഡിറ്റിൽ അറിയിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെയായും മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള മരുന്നിനായി മുൻകൂറടച്ച തുകയായ 385824/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 ഫാർമസിസ്റ്റിന്റെ വേതനം- വികസന ഫണ്ട് ചെലവഴിച്ചത് ചട്ടവിരുദ്ധം

ആയുർവ്വേദ ഡിസ്പൻസറിയിലെ (NRHM) ഫാർമസിസ്റ്റിന്റെ വേതനം നൽകാനായി പദ്ധതി വച്ച് (നം. അടങ്കൽ-175000) 75000 രൂപ (ബിൽ നം.2/16-17, 4/16-17, 6/16-17തീയതി 18/11/2016, 24/12/16, 27/2/17 യഥാക്രമം 32200, 36400, 6400 രൂപ) വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. 2010 ൽ നിലവിൽ വന്ന ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റിനായി നിലവിലും വികസനഫണ്ട് ഉപയോഗിക്കുന്നത് പദ്ധതി മാർഗ്ഗരേഖാ ലംഘനമാണ്. പുതിയതായി ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കപ്പെട്ട് ആറ് മാസം വരെ മാത്രമേ ഓണറേറിയം എന്ന നിലയിൽ പോലും വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയൂ. വകമാറ്റി വികസന ഫണ്ട് ചെലവഴിക്കുന്നത് ക്രമ വിരുദ്ധമാണ്. അപാകം ഒഴിവാക്കേണ്ടതാണ്.

## 3-17 ഖരമാലിന്യ സംസ്കരണം - മാലിന്യ ശേഖരണവും സംസ്കരണവും പൂർണ്ണമല്ല

പഞ്ചായത്തിൽ ഖരമാലിന്യ ശേഖരണം, സംസ്കരണം എന്നിവയ്ക്കായി വൻ തുക ചെലവഴിക്കുന്നുണ്ട്. പരിമിതമായ ലക്ഷ്യത്തിനുള്ളിൽ ഇത് ഭംഗിയായി നടത്തപ്പെടുന്നുണ്ട്. എന്നാൽ നിലവിൽ മുപ്പതിൽ താഴെ സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് മാലിന്യശേഖരണം നടക്കുന്നത്.

ഖരമാലിന്യ ശേഖരണവും സംസ്കരണവും എന്ന പദ്ധതി വഴി (പദ്ധതി നം 89/17 സ്പിൽ ഓവർ) 17705 രൂപ തനത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട് ഇതേ പദ്ധതി തൻവർഷവും വിഭാവനം ചെയ്തിട്ടുണ്ട് (നം.20/17 അടങ്കൽ 1050000/-രൂപ. വികസന ഫണ്ട് 650000, തനത് ഫണ്ട് 400000). ഈ പദ്ധതിയിൽ 655610 രൂപ ചെലവഴിച്ചിട്ടുമുണ്ട് (വികസന ഫണ്ട് 650000, തനത് ഫണ്ട് 7610). പദ്ധതി നിർദ്ദേശാനുസരണം ആനുപാതികമായി തുക ചെലവഴിക്കേണ്ടതിനുപകരം വികസനഫണ്ടിൽ നിന്നും പൂർണ്ണമായും തനത് ഫണ്ടിൽ നിന്നും നാമമാത്രമായും തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. എന്നാൽ ഈ പദ്ധതി വഴി ഉത്പാദിപ്പിക്കപ്പെടുന്ന വളം വിപണനം ചെയ്യാനുള്ള യാതൊരു നടപടിയും ഇതുവരെയും ഉണ്ടായിട്ടില്ല. ഫെർട്ടിലൈസർ ഉത്പാദക ലൈസൻസും ലഭിച്ചിട്ടില്ല. പഞ്ചായത്ത് തൻവർഷം 50000 രൂപ മുടക്കി 4166.66 കി.ഗ്രാം വളം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ ആവശ്യത്തിന് പോലും വളം ഉപയോഗിക്കാൻ കഴിയാത്ത പരിതസ്ഥിതിയാണ് നിലവിലുള്ളത്. മാലിന്യം ശേഖരിക്കപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്ന് കൂടി ഒരു ഫീസ് ഈടാക്കി പഞ്ചായത്തിന്റെ സാമ്പത്തിക ഭാരം കുറക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 പ്രിന്റിംഗ് - മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല

2016 ലെ മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് വിവിധ നോട്ടീസുകൾ, ഫോറങ്ങൾ മുതലായവ ക്വട്ടേഷൻ ക്ഷണിച്ച് പ്രിന്റ് ചെയ്തതിന് അക്ഷര ഓഫ്സെറ്റ്, വണ്ടാനം എന്ന സ്ഥാപനത്തിന് 3/6/16ലെ ചെക്ക് നം. 136212പ്രകാരം 7410രൂപ, 1/10/16 ലെ ചെക്ക് നം 243863പ്രകാരം 10500 എന്നിങ്ങനെ ആകെ 17910 രൂപ നൽകി. എന്നാൽ ഇതിന് കേരള മൂല്യവർദ്ധിത നികുതി നിയമം വകുപ്പ് 10 പ്രകാരം ഈടാക്കേണ്ടിയിരുന്ന വാറ്റ് ഈടാക്കിയില്ല. യഥാക്രമം 297, 420 രൂപ (ആകെ 717 രൂപ) ഈ ഇനത്തിൽ കേരള സർക്കാരിന് നഷ്ടമായി. വാറ്റ് ഈടാക്കാതിരുന്നതിന്റെ കാരണം ആഡിറ്റിൽ അറിയിക്കാൻ ആഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം.20,29/6/17)മറുപടി ലഭിച്ചില്ല. സംസ്ഥാന സർക്കാരിന് നഷ്ടമായ 717 രൂപ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടക്കേണ്ടതാണ്.

## 3-19 തൊഴിൽരഹിത വേതനം പ്രായപരിധി കഴിഞ്ഞിട്ടും അനുവദിച്ചു

തൊഴിൽരഹിത വേതനം പ്രായപരിധി കഴിഞ്ഞ ആൾക്ക് വിതരണം ചെയ്തുവഴി നഷ്ടം സംഭവിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു.

| പേര്, വിലാസം | റോൾ നമ്പർ, ജനന തീയതി | അധികം നൽകിയ കാലയളവ് (4/15-10/15), ബില്ല് നമ്പർ | അധികം നൽകിയ കാലയളവ് (11/15-05/16), ബില്ല് നമ്പർ | ആകെ അധികം നൽകിയ തുക (രൂപ) | തുക കൈപ്പറ്റിയ തീയതികൾ |
|---|---|---|---|---|---|
| ബീനാമോൾ.എസ്, പരിയാരം, വണ്ടാനം | 1652, 25/03/1980 | 840/- 06/16-17 | 840/-, 29/16-17 | 1680/- | 01/09/2016, 22/03/2017 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എക്വയറി നമ്പർ-18/29-06-17 ന് മറുപടിയൊന്നും ലഭിച്ചില്ല. തുക നിരാകരിക്കുന്നു. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-20 ഒറിജിനൽ രസീത്, സാക്ഷ്യപത്രം എന്നിവയില്ലാതെ സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകി

ചെക്ക് നം. 379478/27.2.17 - 14000/-

2012-13 വർഷം നടപ്പാക്കിയ സി.ഡി.എസിന്റെ വാഹനം വാങ്ങലുമായി ബന്ധപ്പെട്ട് ഫോക്കസ് മോട്ടോഴ്സ് ഒടുക്കിയിട്ടുള്ള ഡിപ്പോസിറ്റ് തുക 17500/-(ഇ.എം.ഡി-3500/-, എസ്.ഡി - 14000/-) സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 27.2.17 ൽ തിരികെ നൽകിയിട്ടുണ്ട്. എന്നാൽ 14000/- രൂപയുടെ ഒറിജിനൽ രസീത് തിരികെ ഹാജരാക്കാതെയാണ് തുക റീഫണ്ട് ചെയ്തിട്ടുള്ളത്. തുക തിരികെ നൽകുവാനുള്ള 23.1.17 ലെ 18(1) നമ്പർ കമ്മറ്റി തീരുമാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക നൽകുവാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ അസിസ്റ്റന്റ്എഞ്ചിനീയറുടെ 6.1.17 ലെ കത്തിൽ ഇ.എം.ഡി-യുടെ

(3500/-) ഒറിജിനൽ രസീത് ഹാജരാക്കിയിട്ടുള്ളതായും ആയത് തിരികെ നൽകുവാനുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് പരിഗണിക്കാതെ ഒരിജിനൽ രസീത് തിരികെ ഹാജരാക്കുകയോ, നിയമ പ്രകാരം മുദ്ര പത്രത്തിൽ ബോണ്ട് സമർപ്പിക്കുകയോ ചെയ്യാതെ സ്ഥാപനത്തിന് തുക റീഫണ്ട് ചെയ്ത് നൽകിയത് ക്രമ വിരുദ്ധമാണ്. മാത്രമല്ല 2012-13 വർഷത്തിൽ കൈപ്പറ്റിയ തുക നാളിതുവരെ തിരികെ നൽകിയിട്ടില്ല എന്നത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/29.6.17) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 14000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 വായനശാലകൾക്ക് പുസ്തകം വാങ്ങൽ--പുസ്തകങ്ങൾ 3മാസമായി കെട്ടഴിക്കാതെ പഞ്ചായത്ത് ഓഫീസിൽ

വായനശാലകൾക്ക് പുസ്തകം വാങ്ങൽ പദ്ധതിയിൽ 64100/-രൂപയുടെ വിവിധ പുസ്തകങ്ങൾ ബുക്ക്മാർക്ക്, തിരുവനന്തപുരത്ത് നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിതരണം നടന്നിട്ടില്ല എന്ന് കാണുന്നു. ഏതൊക്കെ വായനശാലകൾക്ക് നല്കാനാണ് പുസ്തകങ്ങൾ വാങ്ങിയതെന്നും വ്യക്തമല്ല. അപാകത പരാമർശിച്ച് നല്കിയ എൻക്വയറിയ്ക്ക് ബി.ടി.ആർ, സാംസ്കാരിക നിലയം എന്നീ വായനശാലകളിൽ പൊതുചടങ്ങ് സംഘടിപ്പിച്ച് പുസ്തക വിതരണം ഉടനെ നടത്തുമെന്നാണ് അറിയിച്ചത്. പദ്ധതികളുടെ ഫലപ്രാപ്തി അത് യഥാസമയം നടപ്പാക്കി അർഹമായ കൈകളിൽ എത്തിചേരുമ്പോഴാണ് ഉണ്ടാകുക എന്നത് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. വിതരണം നടന്നിട്ടില്ലാത്തതിനാൽ 64100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

13100/-ബിൽ നം. 40/16-17 /31.3.17

51000/- ബിൽ നം. 51/16-17 /31.3.17
നിർവ്വഹണം: സെക്രട്ടറി, ഗ്രാമപഞ്ചായത്ത്.

## 3-22 പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും പ്രവൃത്തികൾ നിർവഹിക്കുമ്പോഴും പാലിക്കേണ്ട നിർദ്ദേശങ്ങൾ ജി.ഒ(പി) 259/10 തസ്വഭവ.8.11.10 ഉത്തരവിൽ കൃത്യമായി നിർദ്ദേശിക്കുന്നുണ്ട്. വാങ്ങൽ നടപടി ക്രമങ്ങളിലെ സുതാര്യത ഉറപ്പ് വരുത്തുക എന്നതാണ് ഈ മാർഗ്ഗരേഖയുടെ മുഖ്യ ലക്ഷ്യം.

സെക്രട്ടറി അഥവാ നിർവഹണ ഉദ്യോഗസ്ഥൻ നേതൃത്വം നല്കുന്ന ഒരു വാങ്ങൽ ടീം തദ്ദേശ സ്ഥാപനത്തിൽ രൂപീകരിക്കേണ്ടതും സ്ഥാപനത്തിലെ വാങ്ങൽ പ്രക്രിയകളിൽ വ്യക്തമായ നിർദ്ദേശങ്ങളും പരിശോധനകളും മേൽനോട്ടവും ഈ വാങ്ങൽ ടീം നിർവഹിക്കേണ്ടതും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. വാങ്ങൽ പ്രക്രിയയിലെ നിർണ്ണായക ഘട്ടങ്ങളിൽ പർച്ചേസ് കമ്മറ്റിയുടെ സജീവ സാന്നിധ്യം ഉറപ്പ് വരുത്തുക, സാധനങ്ങളുടെ ഗുണനിലവാരം, സാധനങ്ങൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമത എന്നിവയാണ് ഈ കമ്മറ്റിയുടെ ധർമ്മങ്ങൾ.

പഞ്ചായത്തിൽ ഇപ്രകാരമൊരു വാങ്ങൽ ടീം രൂപീകരിച്ചിട്ടുണ്ടെങ്കിലും 16-17 ൽ പഞ്ചായത്തിൽ സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നടത്തിയ വിവിധ പർച്ചേസുകളിൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മേൽനോട്ടവും ഇടപെടലും ഒട്ടും തന്നെ ഇല്ലായിരുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പ്രകാരം 16-17 ൽ 31.10.16 ൽ മാത്രമാണ് കമ്മറ്റി കൂടിയത്. അതിൽ പഞ്ചായത്തിലേക്ക് വാങ്ങുന്ന സാധനങ്ങളുടെ ലിസ്റ്റ് വായിക്കുക മാത്രമാണ് ചെയ്തത്. വിവിധ പർച്ചേസുകൾ 16-17 ൽ നടന്നെങ്കിലും ക്വട്ടേഷൻ/ടെണ്ടർ പരിശോധിക്കുകയോ നിർദ്ദേശങ്ങൾ നല്കുകയോ അന്തിമ അംഗീകാരം നല്കുന്നതിലോ പർച്ചേസ് കമ്മിറ്റി ഭാഗമായില്ല. പഞ്ചായത്തിലെ വിവിധ പർച്ചേസുകളിൽ അതുകൊണ്ടു തന്നെ നിരവധി അപാകതകളും സുതാര്യതയില്ലായ്മയും പ്രകടമായിട്ടുണ്ട്. എച്ച്.എം, സെക്രട്ടറി, എന്നിവരുടെ വാങ്ങൽ പ്രവൃത്തികൾ, ടെണ്ടർ നടപടിയിലൂടെ നടപ്പാക്കിയ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ എന്നിവ ഉദാഹരണങ്ങൾ മാത്രം. പ്രോക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കേണ്ടതാണ്.

## 3-23 വാട്ടർ കണക്ഷൻ ലഭിച്ചില്ല തുക തടസ്സപ്പെടുത്തുന്നു

പദ്ധതി നം. 24/17 പ്രകാരം കൃഷിഭവന് വാട്ടർ കണക്ഷൻ ലഭിക്കാനായി 9952 രൂപ (ബിൽ നം.11/16-17, തീയതി 31/3/17) കേരള വാട്ടർ അതോറിറ്റിയുടെ ആലപ്പുഴ ഡിവിഷൻ എൻജിനീയറുടെ പേരിൽ ഉള്ള 57019277721 നമ്പർ എസ്ബി.റ്റി.ബാങ്ക് അക്കൗണ്ടിൽ അടച്ചതായി കാണുന്നു. എന്നാൽ ഇതുവരെ വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. ഇതിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-24 തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകകൾ ക്രമീകരിച്ചിട്ടില്ല

2014-15 മുതൽ ശിശുവിഹാറിലെ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വൈദ്യുത ചാർജ് ഇനത്തിൽ ചെലവഴിച്ച 53509/-രൂപയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ക്രമീകരിക്കേണ്ടതാണ്.

## 3-25 ഇ.എം.എസ് ഭവനപദ്ധതി- നിർമ്മാണം പൂർത്തിയാകാതെ 8 വീടുകൾ ശേഷിക്കുന്നു

ഇ.എം.എസ് ഭവനപദ്ധതിയിൽ 2009-10 ൽ കരാർ വച്ച 220 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ നിലവിൽ ശേഷിക്കുന്നു. ഇവർക്ക് ആകെ 1,15,300/-രൂപ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇനി നല്കേണ്ടതുണ്ട്. ലോൺ അക്കൗണ്ടിൽ നിലവിൽ തുക ശേഷിക്കുന്നുമില്ല. സർക്കാർ നിർദ്ദേശ പ്രകാരം മറ്റ് ഭവന പദ്ധതിയിലോ ഫണ്ട് ലഭ്യമാക്കിയോ ഭവന നിർമ്മാണം പൂർത്തിയാക്കിച്ച് ഇവർക്ക് നല്കേണ്ട തുക അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്.

## 3-26 ഗവ.സ്കൂളിന്റെ ടെലഫോൺ, വൈദ്യുത ചാർജ്ജുകൾ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു

എസ്.ഡി.വി.ഗവ.യു.പി.എസ് ലെ 10/15 മുതൽ 12/16വരെയുള്ള കാലയളവിലെ ടെലഫോൺ, വൈദ്യുത ചാർജ്ജുകൾ 1,25,000/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.(ബിൽ നം.36/17/29.3.17) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്ക്

വികസനഫണ്ട് വകമാറ്റി ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഇപ്രകാരമുള്ള ചെലവുകൾക്ക് തനത്ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് കണ്ടെത്തേണ്ടതാണ്. ക്രമവിരുദ്ധമായി ചെലവ് ചെയ്ത തുക തനത് ഫണ്ടിൽ നിന്നും തിരികെ ഒടുക്കേണ്ടതാണ്.

## 3-27 വെള്ളക്കരം കുടിശ്ശിക - പ്രവർത്തന രഹിതമായ ടാപ്പുകൾക്കും തുക ഒടുക്കുന്നു

വാട്ടർചാർജ് കുടിശ്ശിക ഇനത്തിൽ തൻവർഷം 19,64,000/-രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ബില്ല് പ്രകാരം31.3.17 ലെ കുടിശ്ശിക 52,11,442/- രൂപയാണ്. 805 ടാപ്പുകളുടെ വെള്ളക്കരമാണ് നിലവിൽ അടയ്ക്കുന്നത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ 2013 ജനുവരിയിൽ നടത്തിയ സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ 85 ടാപ്പുകൾ കട്ട് ചെയ്യാൻ 70,000/-രൂപ 2015 ൽ വാട്ടർ അതോറിറ്റിയിൽ അടച്ചിരുന്നു. ഈ പ്രവൃത്തി നടത്തി വിനിയോഗ വിവരം നാളിതുവരെ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. 85 ടാപ്പുകളുടെ ചാർജ് കൂടി നിലവിൽ ഉൾപ്പെടുത്തിയാണ് വാട്ടർ അതോറിറ്റി ബില്ല് ഹാജരാക്കുന്നത്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിട്ടും യാതൊരു നടപടികളും എടുത്തിട്ടില്ല. പ്രവർത്തന രഹിതമായ ടാപ്പുകൾ കട്ട് ചെയ്യുന്നതിന് തദ്ദേശ സ്ഥാപനം തുക അടച്ച കാലയളവ് മുതൽ ആനുപാതിക കുറവ് വരുത്തി തുക ക്രമീകരിക്കാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-28 വഴിവിളക്കിന്റെ കറന്റ് ചാർജ്ജ്- കുറയ്ക്കുവാൻ നടപടി സ്വികരിക്കുന്നില്ല

ഓഡിറ്റ് വർഷം വഴിവിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ 11.56 ലക്ഷം ആണ് ചെലവായത്.

ആകെ 971 സാധാരണ വഴിവിളക്കുകളാണ് KSEBകണക്കുകളിൽ കാണിച്ചിട്ടുള്ളത്. ഇതിൽ കേവലം 12 എണ്ണം മാത്രമാണ് CFL ആയി കാണിച്ചിട്ടുള്ളത്. 283എണ്ണം സാധാരണ ബൾബുകളാണ്. 634 എണ്ണം ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റുകളും,ബാക്കി സോഡിയം/മെർക്കുറി വേപ്പർ വിളക്കുകളും.

പല തവണകളായി സാധാരണ ബൾബുകൾ മാറി CFL ആക്കിയിട്ടുണ്ടെങ്കിലും അവയൊന്നും ഇവിടെ KSEB കണക്കിൽ കാണുന്നില്ല.സാധാരണ ബൾബുകൾക്ക്, സമാനമായ പ്രകാശം ലഭിക്കുന്ന CFL വിളക്കുകളേക്കാൾ വളരെ വലിയ തുകയാണ് വൈദ്യുത ചാർജ്ജാകുന്നത്.

60Watt, 100Watt സാധാരണ ബൾബുകളുടെ പ്രതിമാസ കറന്റ് ചാർജ്ജ് യഥാക്രമം രൂ 94/-രൂ 155/- എന്നിങ്ങനെയാണ്. എന്നാൽ ഇതേ പ്രകാശം ലഭിക്കുന്ന 12Watt, 18Watt CFL വിളക്കുകളുടെ കറന്റ് ചാർജ്ജ് യഥാക്രമം രൂ 9/-, രൂ 12/- എന്നിങ്ങനെയാണ് (KSEB Rate as on 01.12.2015).

ഇതിൽ നിന്നും ഓരോ മാസവും വൻ തുകയാണ് ഗ്രാമപഞ്ചായത്തിന് കറന്റ് ചാർജ്ജിനത്തിൽ നഷ്ടപ്പെടുന്നത് എന്നു കാണാം. കൂടാതെ നിലവിൽ ഉയർന്ന വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ മാറ്റി തീരെ കുറഞ്ഞ വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ ഉപയോഗിച്ചാൽ കറന്റ് ചാർജ്ജ് നിലവിലുള്ളതിന്റെ ഭൂരിഭാഗവും ലാഭിക്കുവാൻ കഴിയുന്നതാണ്.

കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗത്തിലുള്ള

വിളക്കുകൾക്ക് നിശ്ചിത നിരക്കിലുള്ള വൈദ്യുത ചാർജ്ജ് മാത്രമേ ഈടാക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തേണ്ടതും, അധികം അടവാക്കിയിട്ടുണ്ടെങ്കിൽ തുടർന്നുള്ള മാസങ്ങളിൽ കുറവു ചെയ്തു കിട്ടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-29 ഓഡിറ്റ് ഇംപാക്ട്

(1) ജൈവ പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി കൂലിചെലവ് സബ്സിഡി നൽകിയപ്പോൾ സ്ഥല വിസ്തൃതിയിൽ പരിമിതപ്പെടുത്താതെ അധിക തുക പിൻവലിച്ചിരുന്നു. ഇത് സംബന്ധിച്ച് ആഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ഈയിനത്തിൽ അധികമായി പിൻവലിച്ച 86400 രൂപ 28/6/2017ൽ പ്രസ്തുത അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് സഞ്ചിത നിധിയിൽ അടച്ചിട്ടുണ്ട്.

(2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയറുടെ 2016 നവംബർ മാസത്തെ വേതന കുടിശ്ശികയായി 7500/-രൂപ നൽകേണ്ടതിനു പകരം 8500/-രൂപ നൽകിയത് ആഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ഈയിനത്തിൽ അധികമായി പിൻവലിച്ച 1000/-രൂപ 30.6.17 ൽ പഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) 2016-17 വാർഷിക കണക്കിലെ RP(43) പത്രിക പ്രകാരം നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശികയായി 5,72,359/-രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B(15) പത്രികയിൽ ടി ഇനത്തിൽ കുടിശ്ശിക ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

(2) കെട്ടിട നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.(ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.)

(3) തൻവർഷം ഡിപ്പോസിറ്റ് വർക്കുകൾക്കായി 20,92,789/- രൂപ ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് B(18) പത്രികയിൽ മുൻ വർഷങ്ങളിലെ പൂർത്തിയാകാത്ത പ്രവൃത്തികളുടെ ഉൾപ്പെടെ 19,68,745/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 4,07,044രൂപയുടെ വ്യത്യാസം ഉണ്ട്.

(4) ഇ.എം.എസ് ലോൺ തിരിച്ചടയ്ക്കാൻ ശേഷിച്ചിരുന്ന 5,34,769/- രൂപ പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ B5 ഷെഡ്യൂളിൽ ഈ ഇനത്തിൽ 16,09,328/- രൂപ തിരിച്ചടയ്ക്കാൻ ശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

(5) 29.1.10 ഹരിയാലി പദ്ധതിയിൽ നാലുപുറം പാടം പുറംബണ്ട് നിർമ്മാണത്തിനായി കൺവീനർക്ക് നല്കിയ അഡ്വാൻസ് 65000/- രൂപ നിലവിലും ക്രമീകരിക്കാതെ B-18 ഷെഡ്യൂളിൽ ബാലൻസ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.

(6).എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുക ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

(7) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

(8) ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്) 152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനങ്ങൾ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 223090 | പാലിയേറ്റീവ് കെയർ | 223090 | -- |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 60000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ സ്കോളർഷിപ്പ് | 60000 | -- |
| 3. | ജില്ലാ പഞ്ചായത്ത് | 2016-17 | 125000 | | 125000 | -- |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെക്ക്/ ബിൽ നം | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ.ബി | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | 69898/-<br>297393/-10655/-12155/-<br>5879/- | 18/16-17 /31.1.17,<br>23/16-17 21.2.17 | വിനിയോഗ വിവരം ലഭ്യമല്ല. | |

| | | | | | |
|---|---|---|---|---|---|
| | | 11064/- | 25/16-17 28.2.17<br>30/16-17 18.3.17<br>34/16-17 22.3.17<br>53/16-17 31.3.17 | | |
| | പോസ്റ്റ് മാറ്റൽ | 202008<br>1483737 | 48/16-17 31.3.17<br>54/16-17 31.3.17 | വിനിയോഗ വിവരം ലഭ്യമല്ല. | |
| | | 2092789- | | | |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 747/2010 /5.3.10 | 13023000 | 534769 | 534769 | 0 | 0 |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4612//- രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട്/വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, | രസീത് നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | തീയതി. |
| 2008-09 | 3-7 | 4612 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4122/ 20.8.16 |
| ആകെ | | 4612 | | |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-23 | 2014-15 | 13 | ആട്ട വിതരണം | അക്കൗണ്ടസ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2013-14 | 3-3 | 2014-15 | 17 | കാലിത്തൊഴുത്ത നിർമ്മാണം | |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56552650 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54747091 |
| വരവിനങ്ങളിലുള്ള നഷ്ടം | 30000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 530662 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6098732 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | | 30000 | | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| 3-1 | ബി | | 2223 | ശ്രീ.അജിത്കുമാർ,കൃഷി ഓഫീസർ |
| | സി | | 9350 | |
| 3-2 | | | 17430 | ശ്രീ.ബൈജു.ഇ.വി, ഹെഡ്മാസ്റ്റർ |
| 3-3 | | | 8000 | ശ്രീമതി.ജയശ്രീ.സി.എ, |

| | | | | |
|---|---|---|---|---|
| | | | | സെക്രട്ടറി |
| 3-4 എ& ബി | | 9000 | | ഡോ.ഷിബു.എസ്,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-12 | | 2040 | | ശ്രീമതി.യാമിനിദാസ്, അസിസ്റ്റന്റ്എഞ്ചിനീയർ |
| 3-15 | | 385824 | 173238 | ശ്രീമതി.ഉമാദേവി വി.എൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | | | 212586 | ശ്രീമതി. മഞ്ജു പുരുഷോത്തമൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-19 | | 1680 | | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| ആകെ | 30000 | 530662 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1എ | 2222 | ശ്രീ.അജിത്കുമാർ,കൃഷി ഓഫീസർ |
| 3-1 എഫ് | 113600 | ശ്രീ.അജിത്കുമാർ,കൃഷി ഓഫീസർ |
| 3-1ജി | 96255 | ശ്രീ.അജിത്കുമാർ,കൃഷി ഓഫീസർ |
| 3-2 | 82570 | ശ്രീ.ബൈജു.ഇ.വി, ഹെഡ്മാസ്റ്റർ |
| 3-5 | 950000 | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| 3-6 | 1742744 | ശ്രീ.ബൈജു.ഇ.വി, ഹെഡ്മാസ്റ്റർ |
| 3-9 | 2092789 | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| 3-10 | 400000 | ശ്രീമതി.ലൂസി.എ.ഐ,ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-11 | 18000 | ശ്രീമതി.ലൂസി.എ.ഐ,ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 3-13 | 312500 | ഡോ.ബിജു.എസ്, വെറ്ററിനറി സർജൻ |
| 3-14 | 200000 | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| 3-20 | 14000 | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| 3-21 | 64100 | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| 3-23 | 9952 | ശ്രീ.അജിത്കുമാർ,കൃഷി ഓഫീസർ |
| ആകെ | 6098732 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഇനം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-7 | 97155 | ആദായ നികുതി | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| 3-8 | 3952 | മൂല്യ വർദ്ധിത നികുതി | ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി |
| | 273 | ആദായ നികുതി | |
| | 273 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം | |
| 3-18 | 717 | മൂല്യ വർദ്ധിത നികുതി | ഡോ.ഷിബു.എസ്,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയശ്രീ.സി.എ, സെക്രട്ടറി | സെക്രട്ടറി,ആര്യാട് ഗ്രാമപഞ്ചായത്ത് | കൃഷ്ണവിലാസം, പെരുംതുരുത്ത്,മുഹമ്മ.പി.ഒ,ആലപ്പുഴ |
| ശ്രീമതി.യാമിനിദാസ്, അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | ചാരങ്കാട്ട്, പൊള്ളേത്തൈ.പി.ഒ, ആലപ്പുഴ |
| ഡോ.ബിജു.എസ്, വെറ്ററിനറി സർജൻ | വെറ്ററിനറിസർജൻ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | ചേരങ്കര, മേത്തല പി.ഒ, എറണാകുളം |
| ഡോ.ഷിബു.എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽഓഫീസർ, പി.എച്ച്.സി, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | മേലെ കല്ലുവിള, പാറോട്ട് കോണം, നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം |
| ശ്രീമതി.ഉമാദേവി.വി.എൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽഓഫീസർ, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | കാട്ടുങ്കൽ ഹൗസ്, വട്ടയാൽ, തിരുവമ്പാടി പി.ഒ, |

| | | |
|---|---|---|
| | | ആലപ്പുഴ |
| ശ്രീ.ബൈജു.ഇ.വി, എച്ച്.എം | ഹെഡ്മാസ്റ്റർ, എസ്ഡി.വി.ജി.യു.പി.എസ്. നീർക്കുന്നം | ഗ്രീൻവാലി ഗാർഡൻസ്, വണ്ടാനം.പി.ഒ, ആലപ്പുഴ |
| ലൂസി.എ.ഐ,ഫിഷറീസ് സബ് ഇൻസ്പെക്ടർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, തോട്ടപ്പള്ളി | ആറാട്ടുകുളം, അന്ധകാരനഴി പി.ഒ, ചേർത്തല |
| അജിത്കുമാർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പുറക്കാട് | ചന്ദ്രോദയം, ചേപ്പാട്.പി.ഒ, ഹരിപ്പാട് |
| ശ്രീമതി.മഞ്ജുപുരുഷോത്തമൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് | ദേവാഞ്ജനം, സനാതനപുരം. പി.ഒ, ആലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2000-01<br>2001-02<br>2002-03 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2003-04<br>2004-05<br>2005-06 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എപി4-605/11/28.11.11/3.12.11 |
| 2008-09 | എൽ.എഫ്.എപി4-606/11/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എപി8-503/12/17.7.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എപി8-112/13/8.4.13/25.06.13 |
| 2012-13 | എൽ.എഫ്.എപി8-966/14/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി8-1071/15/4.09.15 /5.10.15 |

| | |
|---|---|
| 2014-15 | കെ.എസ്.എ-എ.എൽ.പി.-പി.8/623/2016തീയതി 13.6.2016 |
| 2015-16 | കെ.എസ്.എ.- എ.എൽ.പി.-പി.8-1334/16 /2.12.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-എ.എൽ.പി/പി8-857/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ

തീയതി, 05.07.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P8-857/2017

Kerala State Audit Department,

District Audit Office,Alappuzha.

Date: 05.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Ambalappuzha North Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Ambalappuzha North Grama panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

.

.

Deputy Director,

Kerala State Audit Department

Alappuzha